# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3373 — 21.12.2012- ൽ മറുപടിക്ക്

## ജൈവകൃഷി രീതി പ്രോത്സാഹിപ്പിക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴങ്ങളും പച്ചക്കറികളും എൻഡോസൾഫാൻ എന്ന മാരകവിഷമായ കീടനാശിനി തളിച്ച് ഉല്പാദിപ്പിച്ചവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ അതുപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനായി എന്തെല്ലാം പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ വിശദവിവരങ്ങൾ കാലാകാലങ്ങളിൽ മാദ്ധ്യമങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നു. കൂടാതെ മാരക കീടനാശിനികളുടെ നിരോധനത്തെ തുടർന്ന് എല്ലാ ജില്ലകളിലും കർഷകർ, പൊതുജനങ്ങൾ, കീടനാശിനി വിതരണക്കാർ, സർക്കാരിതര സംഘടനകൾ, മാദ്ധ്യമ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിശദമായ ബോധവത്ക്കരണ പരിപാടികളിലൂടെ കീടനാശിനികളുടെ അവശിഷ്ട നിയന്ത്രണത്തെയും അവയുടെ സുരക്ഷിത ഉപയോഗത്തെയും പറ്റി ഏകദിന പരിശീലന പരിപാടികൾ നടത്തിയിരുന്നു. വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ വഴി കർഷകർക്കും ഉദ്യോഗസ്ഥർക്കും ബോധവൽക്കരണ പരിശീലന പരിപാടികളും നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| സ 1 | ജൈവ കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ ; | സ 1 | സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ജൈവ കൃഷി നയത്തിന് രൂപം നൽകിയിട്ടുണ്ട്. (ജി.ഒ(പ്രി)39/2010/ കൃഷി) പ്രസ്തുത നയപ്രകാരം വിവിധ വിളകളായ ധാന്യം, പച്ചക്കറി ദീർഘകാല വിളകൾ എന്നിവ ഘട്ടംഘട്ടമായി സമ്പൂർണ്ണമായും ജൈവ കൃഷി രീതിയിലേക്ക് കൊണ്ടുവരിക എന്നതാണ് ലക്ഷ്യം. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ 2010-11 വർഷം തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ 900 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 100 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 2011-12 വർഷം 3500 ഹെക്ടർ സ്ഥലത്ത് പുതുതായി ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 450 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, സുഗന്ധ വ്യഞ്ജന വിളകൾ എന്നിവ ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്നതിന് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. 2012-13 വർഷം ബഡ്ജറ്റിൽ 10 കോടി രൂപ ഈ പദ്ധതിക്കായി വകകൊള്ളിച്ചിട്ടുണ്ട്. ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ഇതിനുവേണ്ടി 113.25 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ തെരഞ്ഞെടുത്ത 15 പഞ്ചായത്തുകളിൽ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു<br><br>ജൈവകൃഷി വ്യാപനത്തിന് 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ താഴെ പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടികൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>നടപ്പ് സാമ്പത്തിക വർഷ |

ത്തിൽ ജൈവകൃഷി പ്രാവർത്തികമാക്കുന്നതിന് 2500 ഹെക്ടർ സ്ഥലത്തേക്ക് 100 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതാണ്.

കൂടാതെ ജൈവ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷന് വേണ്ടി ദേശീയ ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ധനസഹായം നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം 2500 ഹെക്ടർ സ്ഥലത്തേയ്ക്ക് 75 ലക്ഷം രുപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

350 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് 105 ലക്ഷം രൂപയുടെ പദ്ധതികൾക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ എസ്.എച്ച്.എം നടപ്പാക്കുന്നുണ്ട്.

വി. എഫ്. പി. സി.കെ 2012- 13 സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രദർശനത്തോട്ടങ്ങളും കർഷക പരിശീലനങ്ങളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ ജൈവകൃഷി സംബന്ധിച്ച് കർഷകരിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനായി കൈപ്പുസ്തകങ്ങളും ലഘുലേഖകളും വിതരണം ചെയ്ത് വരുന്നു. വീട്ടുവളപ്പിലെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതനഗരി എന്ന പദ്ധതിയും വി. എഫ്. പി. സി.കെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

| | | |
|---|---|---|
| ഡി | ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | കൃഷി വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ കമ്പോസ്റ്റ് വള നിർമ്മാണത്തിന് പ്രോത്സാഹനം നൽകി വരുന്നു. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (1985) ന്റെ പരിധിയിൽ വരുന്ന സിറ്റി കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, ആവണക്കിൻ പിണ്ണാക്ക് എന്നിവയുടെ ഉൽപ്പാദനത്തിനും വിതരണത്തിനും കൃഷി വകുപ്പ് ലൈസൻസ് നൽകി വരുന്നുണ്ട്. |

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് ധന സഹായം നൽകിവരുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ 350 യൂണിറ്റ് മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് 105 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇത് പ്രകാരം 30'x8'x2.5' വ്യാപ്തി യുള്ള മണ്ണിരകമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് 60,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 30,000 രൂപ നൽകുന്നതാണ്. ഇത് പ്രകാരമുള്ള ഭൗതിക ലക്ഷ്യം ജില്ലകൾക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്.

വി.എഫ്.പി.സി.കെ-യുടെ കീഴി ലുള്ള സ്വാശ്രയ കർഷക സംഘ ങ്ങൾ വഴിയും ഉല്പാദനോപാധിക ളുടെ വിതരണകേന്ദ്രങ്ങൾ വഴിയും ജൈവവളത്തിന്റെ ലഭ്യത ഒരു പരി ധിവരെ ഉറപ്പാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ